
എ.വൈ.ആർ

ഒരു വിഭാഗത്തിന്റെ സമ്പത്ത് അനിയന്ത്രിതമായി വർധിച്ചു കൊണ്ടിരിക്കുമ്പോൾ മറ്റൊരു വിഭാഗം ദാരിദ്ര്യത്തിന്റെ അടി ത്തട്ടിലേക്ക് ആണ്ടു പോയ്കൊണ്ടിരിക്കുന്നു. ഒരുവിഭാഗം മണിമേടകളിൽ അമിത സുഖഭോഗങ്ങളാസ്വദിക്കുമ്പോൾ മറ്റൊരു വിഭാഗത്തിന് പട്ടിണി കിടക്കാൻ മൺകൂരകൾ പോലും ഇല്ലാതിരിക്കുക. ഈ സാഹചര്യത്തിലാണ് അത്യാ വശ്യത്തിലധികമായ നാഗരികതാ നിർമിതികൾ ആക്ഷേപ കരമാകുന്നത്.



---

وَصَدَّهَا مَا كَانَت تَّعْبُدُ مِن دُونِ اللَّهِ ۖ إِنَّهَا كَانَتْ مِن قَوْمٍ كَافِرِينَ ﴿٤٣﴾

43. അല്ലാഹുവിനെ വെടിഞ്ഞ് അവർ ആരാധിച്ച ദൈവങ്ങൾ അവളെ സത്യത്തിൽനിന്ന് വിലക്കി യതായിരുന്നു. അവൾ അവിശ്വാസികളായ ജന ത്തിൽപെട്ടവളായിരുന്നുവല്ലോ.

**43**

وَصَدَّهَا = അവളെ വിലക്കി(യതായിരുന്നു) مَا كَانَت تَّعْبُدُ = അവൾ ആരാധിച്ചത് (ദൈവങ്ങൾ)

مِن دُونِ اللَّهِ = അല്ലാഹുവിനെ കൂടാതെ, വെടിഞ്ഞ് إِنَّهَا كَانَتْ = അവൾ ആയിരുന്നുവല്ലോ

مِن قَوْمٍ كَافِرِينَ = അവിശ്വാസികളായ ജനത്തിൽപെട്ടവൾ

യാഥാർഥ്യമറിഞ്ഞ ശേഷവും സുലൈമാൻ നബിയുടെ മുന്നിലെത്താനും അദ്ദേഹത്തി ന്റെ ആധിപത്യം സമ്മതിക്കാനും വൈകിയതിന്റെ കാ രണം വ്യക്തമാക്കുകയാണ്. അവർ ആരാധിച്ചിരുന്ന വിഗ്രഹങ്ങളായിരുന്നു അവരെ പ്രവാചകന്റെ ദീനും അധികാരവും സ്വീകരിക്കുന്നതിൽനിന്ന് വിലക്കി നിർ ത്തിയത്. ഒരു ജാഹിലീസമൂഹത്തിലെ അംഗമായി രുന്നുവല്ലോ അവർ. രാജ്ഞിയായാലും പാരമ്പര്യങ്ങ ളുടെയും സാമൂഹിക ബന്ധങ്ങളുടെയും ചങ്ങലകൾ അനായാസം പൊട്ടിച്ചെറിയാനാവില്ല. എക്കാലത്തും അധികാരിവർഗത്തെ മാത്രമല്ല സാധാരണക്കാരെയും ഇസ്‌ലാം സ്വീകരിക്കുന്നതിൽനിന്ന് അകറ്റിനിർത്തുന്ന പ്രധാനപ്പെട്ട ഘടകമാണിത്. പാരമ്പര്യങ്ങളോടും സാ മൂഹിക ബന്ധങ്ങളോടുമുള്ള പ്രതിബദ്ധതയെ അതിജയി ക്കാൻ പര്യാപ്തമായ ബുദ്ധിപരമായ സത്യസന്ധതയും ധാർമികവീര്യവും ഉള്ളവർക്കു മാത്രമേ ഈ ചങ്ങലകൾ പൊട്ടിച്ചെറിയാൻ കഴിയൂ. അത്തരക്കാർ ചിലപ്പോൾ തങ്ങ ളുടെ ജീവൻ തന്നെ അതിനു വിലയായി നൽകേണ്ടിവരും. നമ്മുടെ കേരളത്തിൽ മാത്രമല്ല, ലോകമെങ്ങും അതിന് എത്രയോ ഉദാഹരണങ്ങൾ ഇന്നും ഉണ്ടായിക്കൊണ്ടിരി ക്കുന്നു. നേതൃത്വവും അധികാരവും കൈയാളുന്ന വ്യക്തി കളെ സംബന്ധിച്ചേടത്തോളം ഈ പ്രശ്നം പതിന്മടങ്ങ് സങ്കീർണവും ക്ലിഷ്ഠവുമായിത്തീരുന്നു. ജനത്തിന്റെ യജ മാനന്മാരും നേതാക്കളും എന്നഹങ്കരിക്കുന്നവരധികവും വാസ്തവത്തിൽ ജനത്തിന്റെ അടിമകളും നീതന്മാരുമാ ണെന്നു കാണാം. ■

---

قِيلَ لَهَا ادْخُلِي الصَّرْحَ ۖ فَلَمَّا رَأَتْهُ حَسِبَتْهُ لُجَّةً وَكَشَفَتْ عَن سَاقَيْهَا ۚ قَالَ إِنَّهُ صَرْحٌ مُّمَرَّدٌ مِّن قَوَارِيرَ ۗ قَالَتْ رَبِّ إِنِّي ظَلَمْتُ نَفْسِي وَأَسْلَمْتُ مَعَ سُلَيْمَانَ لِلَّهِ رَبِّ الْعَالَمِينَ ﴿٤٤﴾

44. രാജ്ഞി മണ്ഡപത്തിലേക്കു പ്രവേശിച്ചാലും എന്നു സ്വാഗതം ചെയ്യപ്പെട്ടു. മണ്ഡപം കണ്ടപ്പോൾ അതൊരു ജലാശയമാണെന്ന് അവൾക്കു തോന്നിപ്പോയി കണ ങ്കാലിൽനിന്ന് പുടവ പൊക്കിപ്പിടിക്കുകയും ചെയ്തു. സുലൈമാൻ അവളോടു പറഞ്ഞു: ഇതു സുതാര്യമാ യ സ്ഫടിക മണ്ഡപമാകുന്നു. അതു കേട്ട് രാജ്ഞി പ്രസ്താവിച്ചു: എന്റെ നാഥാ, ഞാനിന്നോളം എന്നോടു തന്നെ അക്രമം ചെയ്യുകയായിരുന്നു. ഇന്നിതാ ഞാൻ സുലൈമാനോടൊപ്പം എന്നെ പ്രപഞ്ചനാഥനായ അല്ലാ ഹുവിനു സമർപ്പിച്ചിരിക്കുന്നു– മുസ്‌ലിം ആയിരിക്കുന്നു.

**44**

قِيلَ لَهَا ادْخُلِي الصَّرْحَ = അവളോട് മണ്ഡപത്തിൽ പ്രവേശിക്കുക എന്നു പറയപ്പെട്ടു (രാജ്ഞി മണ്ഡപത്തിലേക്ക് കടന്നാലും എന്ന് സ്വാഗതം ചെയ്യപ്പെട്ടു)

فَلَمَّا رَأَتْهُ = അവൾ അത് (മണ്ഡപം) കണ്ടപ്പോൾ حَسِبَتْهُ = അവൾ അതിനെ വിചാരിച്ചു (അവർക്കു തോന്നിപ്പോയി)

لُجَّةً = (അതൊരു) ജലാശയമാണെന്ന്

وَكَشَفَتْ عَن سَاقَيْهَا = അവൾ തന്റെ രണ്ടു കണങ്കാലുകളും വെളിപ്പെടുത്തി (കണങ്കാലുകളിൽനിന്ന് പുടവ പൊക്കിപ്പിടിക്കുകയും ചെയ്തു)

قَالَ = അവൻ (അപ്പോൾ സുലൈമാൻ) പറഞ്ഞു إِنَّهُ صَرْحٌ مُّمَرَّدٌ = അത് മിനുസപ്പെടുത്തിയ (സുതാര്യമായ) മണ്ഡപമാകുന്നു

مِّن قَوَارِيرَ = സ്ഫടികത്താലുള്ളത് قَالَتْ = അവൾ (രാജ്ഞി) പ്രസ്താവിച്ചു

رَبِّ إِنِّي ظَلَمْتُ = എന്റെ നാഥാ (ഇന്നോളം) ഞാൻ അതിക്രമം ചെയ്തു(യ്യുകയായിരുന്നു)

نَفْسِي = എന്റെ ആത്മാവിനോട് (എന്നോടുതന്നെ)

وَأَسْلَمْتُ مَعَ سُلَيْمَانَ = (ഇന്ന്) ഞാൻ (ഇതാ) സുലൈമാനോടൊപ്പം സമർപ്പിതയായിരിക്കുന്നു, മുസ്‌ലിം ആയിരിക്കുന്നു

لِلَّهِ رَبِّ الْعَالَمِينَ = പ്രപഞ്ച നാഥനായ അല്ലാഹുവിനുവേണ്ടി

അനന്തരം രാജസേവകർ അവരെ സ്വീകരണ മണ്ഡപത്തിലേക്കു സ്വാഗതം ചെയ്തു. صرح എന്ന മൂലപദം തളം, മുറ്റം, മണ്ഡപം, സൗധം, കൊട്ടാരം, ഗോപുരം തുടങ്ങി പലതിനും ഉപയോഗിക്കും. കൊട്ടാരം, സ്വീകരണ ഹാൾ എന്നീ അർഥങ്ങളാണ് (രണ്ടും ഒന്നുതന്നെയാവാം) ഇവിടെ യോജിച്ചത്. മണ്ഡപത്തിന്റെ കവാടത്തിലെത്തിയപ്പോൾ അത് ഒരു ജലാശയമാണെന്ന് അവർക്ക് തോന്നിപ്പോയി. തറ കുഴിച്ച് വെള്ളം നിറച്ച് അതിൽ മത്സ്യങ്ങളെയും മറ്റും നിക്ഷേപിച്ച് മുകൾ ഭാഗത്ത് സുതാര്യമായ സ്ഫടിക ഫലകങ്ങൾ വിരിച്ച് അതിമനോഹരമായി സംവിധാനിച്ചതായിരുന്നു ആ മണ്ഡപം. സാങ്കേതിക വിജ്ഞാനത്തിലും വാസ്തുവിദ്യയിലും അക്കാലത്തെ ജറൂസലം സ്ഫടികക്കൊട്ടാര നിർമിതി വരെ പുരോഗമിച്ചിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. താൻ പ്രവേശിക്കുന്നത് ഒരു ജലാശയത്തിലേക്കാണ് എന്ന് ധരിച്ച രാജ്ഞി തന്റെ വസ്ത്രം നനയാതിരിക്കാൻ കണങ്കാലിൽനിന്ന് ഉയർത്തിപ്പിടിച്ചു. ജലാശയത്തിനും കയത്തിനും ആഴത്തിനും لُجَّة എന്നു പറയും. ഇവിടെ ഉദ്ദേശ്യം ജലാശയമാണ്. അതു കണ്ട് സുലൈമാൻ നബി പറഞ്ഞു: നനയുമെന്ന് പേടിക്കേണ്ട, ഇത് മിനുത്ത സ്ഫടിക ഫലകങ്ങൾ വിരിച്ച മണ്ഡപമാണ്. ജറൂസലമിൽ കണ്ട കലാവിരുതിലും നിർമാണ വൈഭവത്തിലും വിജ്ഞാന വികാസത്തിലും മുഗ്ധയായ രാജ്ഞി നിസ്സങ്കോചം പ്രഖ്യാപിച്ചു: എന്റെ നാഥാ, ഞാനിതുവരെ അന്ധമായ ബഹുദൈവ വിശ്വാസവും വിഗ്രഹപൂജയും ദേശീയാചാരങ്ങളും അനുവർത്തിച്ചുകൊണ്ട് എന്നോടുതന്നെ അതിക്രമം പ്രവർത്തിച്ചു വരികയായിരുന്നു. ഇപ്പോഴിതാ ഞാൻ നിന്റെ ദൂതനായ സുലൈമാൻ നബിയോടൊപ്പം പ്രപഞ്ചനാഥനായ അല്ലാഹുവിന് മുസ്‌ലിം ആയിരിക്കുന്നു – സ്വയം സമർപ്പിച്ചിരിക്കുന്നു. 'ഇനി എന്റെ അധികാരം സുലൈമാൻ നബിയുടെ മേൽനോട്ടത്തിലായിരിക്കും' എന്ന സൂചനയും ഈ പ്രഖ്യാപനം ഉൾക്കൊള്ളുന്നു. ആ സ്ഫടികക്കൊട്ടാരവും സുലൈമാൻ നബിയുടെ പ്രവാചകത്വത്തിന്റെ വലിയൊരു ദൃഷ്ടാന്തമായിരുന്നു. അദ്ദേഹത്തിന്റെ സത്യബോധത്തിന്റെയും ദൈവത്തോടുള്ള നന്ദിയുടെയും സ്നേഹത്തിന്റെയും സൗന്ദര്യമാണ് അതിലൂടെ രാജ്ഞിക്കു ദൃശ്യമായത്.

സുലൈമാൻ നബിയുടെ സ്ഫടിക സൗധങ്ങൾ പോലുള്ള നിർമിതികളെ സംബന്ധിച്ച് ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. ജനങ്ങളുടെ വിഭവങ്ങൾ അക്രമപരമായി പിടിച്ചുപറിച്ചും പാവങ്ങളെ പട്ടിണിക്കിട്ട് ചാട്ടവാറിനു കീഴിൽ കഠിനാധ്വാനം ചെയ്യിച്ചുമല്ല അവയൊന്നും നിർമിതമായത്. അദ്ദേഹത്തിന്റെ കാലത്ത് രാജ്യത്ത് സ്വർണവും വെള്ളിയും ഇതര വിഭവങ്ങളും കുമിഞ്ഞുകൂടിയിരുന്നുവെന്നും പല നാടുകളിൽനിന്നായി ധാരാളം നിർമാണ വിദഗ്ധരും ശിൽപികളും വന്നു ചേർന്നിരുന്നുവെന്നും ബൈബിൾ പറയുന്നുണ്ട്. ആവശ്യമുള്ളവർക്ക് മൃഷ്ടാന്നഭോജനമൊരുക്കാൻ ഭീമാകാരമായ പാചകപ്പാത്രങ്ങളും നിർമിക്കപ്പെട്ടിരുന്നു. ജനങ്ങൾക്ക് സാമാന്യ ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തിയ ശേഷം മിച്ചമുള്ള ധനം സാംസ്കാരിക-നാഗരിക പുരോഗതിക്കും സൗന്ദര്യാവിഷ്കാരങ്ങൾക്കും വിനിയോഗിക്കുന്നത് മോശപ്പെട്ട കാര്യമല്ല. അല്ലാഹുവിനോടുള്ള അടിമത്തത്തിന്റെ സൗന്ദര്യത്തോടൊപ്പം ഭൗതിക സൗഭാഗ്യങ്ങളുടെ സൗന്ദര്യവും പ്രകടിപ്പിക്കപ്പെടാവുന്നതാണ്. കുറ്റകരമായിട്ടുള്ളത് വിവേചനവും അസന്തുലിതത്വവുമാണ്. ക്ഷേമവും സുഖവും ഒരു വിഭാഗത്തിനും മറ്റൊരു വിഭാഗത്തിന് ദുരിതം മാത്രവും വിധിക്കപ്പെടുക. ഒരു വിഭാഗത്തിന്റെ സമ്പത്ത് അനിയന്ത്രിതമായി വർധിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരു വിഭാഗം ദാരിദ്ര്യത്തിന്റെ അടിത്തട്ടിലേക്ക് ആണ്ടു പോയ്ക്കൊണ്ടിരിക്കുന്നു. ഒരുവിഭാഗം മണിമേടകളിൽ അമിത സുഖഭോഗങ്ങളാസ്വദിക്കുമ്പോൾ മറ്റൊരു വിഭാഗത്തിന് പട്ടിണി കിടക്കാൻ മൺകൂരകൾ പോലും ഇല്ലാതിരിക്കുക. ഈ സാഹചര്യത്തിലാണ് അത്യാവശ്യത്തിലധികമായ നാഗരികതാ നിർമിതികൾ ആക്ഷേപകരമാകുന്നത്.

സുലൈമാന്‍ നബിയുടെ നേതൃത്വം അംഗീകരിച്ച സബഅ് രാജ്ഞിയെ അദ്ദേഹം വിവാഹം ചെയ്തുവെന്ന് ചിലര്‍ പറയുന്നുണ്ട്. അതിന് വിശ്വാസയോഗ്യമായ തെളിവില്ല. സുലൈമാന്‍(അ) അവരെ മറ്റൊരാള്‍ക്കു വിവാഹം ചെയ്തുകൊടുത്തതായി ബൈബിള്‍ പറയുന്നു. രാജ്ഞിയുടെ ആഗമനവും തുടര്‍ന്നുള്ള സംഭവങ്ങളും ബൈബിള്‍ ഒരിടത്ത് പറയുന്നതിങ്ങനെയാണ്:

''കര്‍ത്താവിന്റെ നാമത്തില്‍ സോളമന്നുള്ള പ്രശസ്തിയെപ്പറ്റി കേട്ടപ്പോള്‍ ശേബാ രാജ്ഞി വന്നു.... അവള്‍ വമ്പിച്ച പരിവാരങ്ങളോടെയാണ് യരൂശലേമിലേക്കു വന്നത്. ഒട്ടകപ്പുറത്തു സുഗന്ധ ദ്രവ്യങ്ങളും ധാരാളം സ്വര്‍ണവും രത്നക്കല്ലുകളും അവള്‍ കൊണ്ടുവന്നിരുന്നു. സോളമന്റെ അടുക്കല്‍ വന്നപ്പോള്‍ അവള്‍ തന്റെ മനസ്സിലുണ്ടായിരുന്നതെല്ലാം പറഞ്ഞു.... സോളമന്റെ വിജ്ഞാനം, അയാള്‍ പണിത കൊട്ടാരം, അയാളുടെ മേശയിലെ ഭക്ഷണം, ഉദ്യോഗസ്ഥന്മാരുടെ ഇരിപ്പ്, ദാസന്മാരുടെ നില, അവരുടെ വേഷങ്ങള്‍, അയാളുടെ പാനപാത്രവാഹകര്‍, കര്‍ത്താവിന്റെ ആലയത്തില്‍ അയാള്‍ അര്‍പ്പിക്കുന്ന ഹോമബലികള്‍ എന്നിങ്ങനെ എല്ലാം കണ്ടുകഴിഞ്ഞപ്പോള്‍ ശേബാ രാജ്ഞി വിസ്മയസ്തബ്ധയായിപ്പോയി. അവര്‍ രാജാവിനോടു പറഞ്ഞു: അങ്ങയുടെ കാര്യങ്ങളെക്കുറിച്ചും അങ്ങയുടെ വിജ്ഞാനത്തെക്കുറിച്ചും എന്റെ നാട്ടില്‍ ഞാന്‍ കേട്ട വര്‍ത്തമാനം സത്യം തന്നെ. പക്ഷേ ഇവിടെയെത്തി എന്റെ കണ്ണുകൊണ്ടു തന്നെ അതു കാണുന്നതു വരെ ഞാന്‍ ആ വാര്‍ത്ത വിശ്വസിച്ചില്ല. നോക്കൂ, ഇതില്‍ പകുതി പോലും ഞാന്‍ കേട്ടിരുന്നില്ല. അങ്ങയുടെ വിജ്ഞാനവും സമ്പത്തും ഞാന്‍ കേട്ടതിനെ അതിശയിക്കുന്നതാണ്. അങ്ങയുടെ ഭാര്യമാര്‍ എത്രയോ ഭാഗ്യവതികള്‍! സദാ അങ്ങയുടെ സന്നിധിയില്‍നിന്ന് അങ്ങയുടെ വിജ്ഞാന വചനങ്ങള്‍ കേള്‍ക്കുന്ന അങ്ങയുടെ ദാസന്മാര്‍ എത്രയോ ഭാഗ്യമുള്ളവര്‍! ...... സോളമന്‍ രാജാവ് ഔദാര്യപൂര്‍വം ശേബാ രാജ്ഞിക്കു സമ്മാനങ്ങള്‍ നല്‍കി. അതിനു പുറമെ അവള്‍ ആഗ്രഹിച്ചതും ചോദിച്ചതുമെല്ലാം രാജാവ് അവള്‍ക്കു കൊടുത്തു. അവള്‍ സ്വന്തം ദാസരെയും കൂട്ടി സ്വദേശത്തേക്ക് മടങ്ങിപ്പോയി.''

ഖുര്‍ആന്‍ സ്ത്രീയുടെ ഭരണാധികാരം പരാമര്‍ശിക്കുന്ന ഏക സന്ദര്‍ഭം സുലൈമാന്‍-ബില്‍ഖീസ് സംഭവമാണ്. ബുദ്ധിയും വിവരവും വിവേകവും പക്വതയുമുള്ള മികച്ച ഭരണതന്ത്രജ്ഞയായിട്ടാണ് ഖുര്‍ആന്‍ ബില്‍ഖീസിനെ അവതരിപ്പിക്കുന്നത്. പ്രവാചകന്മാരായ ദാവൂദ്-സുലൈമാന്‍മാരെ(അ) അല്ലാതെ അത്രയും മികച്ച പുരുഷ ഭരണാധികാരികളെ ഖുര്‍ആന്‍ പരാമര്‍ശിക്കുന്നില്ല. സ്ത്രീയായതിനാല്‍ ബില്‍ഖീസ് രാജത്വത്തിന് അര്‍ഹയായിരുന്നില്ലെന്നോ സ്ത്രീയായതുകൊണ്ട് അവരുടെ ഭരണം മോശമായിരുന്നുവെന്നോ സൂചിപ്പിക്കുന്ന ഒന്നും ഈ സൂക്തങ്ങളിലില്ല. ബഹുദൈവവിശ്വാസവും സൂര്യാരാധനയുമായിരുന്നു അവരുടെ ന്യൂനത. ഈ ന്യൂനതയുള്ള പുരുഷനായിരുന്നു സബഇനെ ഭരിച്ചിരുന്നതെങ്കില്‍ അയാളെയും സുലൈമാന്‍ നബി കീഴ്പ്പെടുത്തുമായിരുന്നു. സുലൈമാന്‍ നബിയുടെ മേല്‍ക്കോയ്മ അംഗീകരിച്ച ബില്‍ഖീസിനെ അദ്ദേഹം തുടര്‍ന്നും സബഇലെ രാജ്ഞിയായിരിക്കാന്‍ തിരിച്ചയച്ചു എന്നതും ഏറെ പരിഗണനീയമാകുന്നു. സ്ത്രീക്ക് രാജത്വം നിഷിദ്ധമായിരുന്നുവെങ്കില്‍ അദ്ദേഹം അവരെ സ്ഥാനഭ്രഷ്ടയാക്കി പകരം ഒരു പുരുഷനെ രാജാവായി നിശ്ചയിക്കുമായിരുന്നു. സ്ത്രീയുടെ ഭരണാധികാരം ജാഹിലിയ്യത്തില്‍ മാത്രമല്ല ഇസ്‌ലാമിലും അനുവദനീയമാണെന്നാണിതിനര്‍ഥം.

ഫുഖഹാക്കള്‍ പൊതുവില്‍ പറഞ്ഞിട്ടുള്ളത് സ്ത്രീകള്‍ക്ക് ഖിലാഫത്തോ രാജത്വമോ തത്തുല്യമായ അധികാര പദവികളോ പോകട്ടെ, ന്യായാധിപ(قضاء) സ്ഥാനം പോലും അനുവദനീയമല്ലെന്നാകുന്നു. ഇമാം ത്വബരി സ്ത്രീക്ക് ഖാദിസ്ഥാനം അനുവദനീയമാണെന്ന് അഭിപ്രായപ്പെട്ടതായി പ്രസ്താവമുണ്ട്. ചില പ്രത്യേക സന്ദര്‍ഭങ്ങളില്‍ മാത്രം സ്ത്രീക്ക് ചില ഉപാധികളോടെ ഖാദിയാവാമെന്ന് ഇമാം അബൂഹനീഫ പറഞ്ഞതായും പറയപ്പെടുന്നു. സ്ത്രീക്ക് അധികാരം നിഷേധിക്കുന്നതിന് ആരും ഖുര്‍ആനില്‍നിന്ന് ഒരു പ്രമാണവും ചൂണ്ടിക്കാണിക്കുന്നില്ല. ആകെയുള്ളത് ബുഖാരി ഉദ്ധരിച്ച ഈ നിവേദനമാണ്: 'പേര്‍ഷ്യക്കാര്‍ കിസ്റായുടെ പുത്രിയെ രാജ്യാധികാരം ഏല്‍പിച്ചിരിക്കുന്നുവെന്നറിഞ്ഞപ്പോള്‍ തിരുമേനി പ്രസ്താവിച്ചു: ഭരണം പെണ്ണിനെ ഏല്‍പിച്ച സമൂഹം വിജയിക്കുകയില്ല.' സ്ത്രീക്ക് അധികാരം പാടില്ല എന്നതിന്റെ ഖണ്ഡിതമായ പ്രമാണമായിട്ടാണ് ഈ നിവേദനം കണക്കാക്കപ്പെടുന്നത്. വാസ്തവത്തില്‍ ഈ പ്രവാചക പ്രസ്താവന സ്ത്രീയുടെ അധികാരം അനുവദിക്കുകയോ നിഷേധിക്കുകയോ ചെയ്യുകയല്ല. നബിയുടെ പ്രസ്താവനയുടെ പശ്ചാത്തലം പരിശോധിച്ചാല്‍ അതു വ്യക്തമാകും. പേര്‍ഷ്യന്‍ സാമ്രാജ്യം റോമാ സാമ്രാജ്യവുമായി രൂക്ഷമായ സംഘര്‍ഷത്തിലായിരുന്ന കാലഘട്ടമായിരുന്നു അത്. ഇടക്കിടെ അവര്‍ തമ്മില്‍ യുദ്ധങ്ങളുമരങ്ങേറി. പ്രവാചകന്‍(സ) മക്കയിലായിരുന്നപ്പോള്‍ നടന്ന റോമാ-പേര്‍ഷ്യന്‍ യുദ്ധം ഖുര്‍ആന്‍ പരാമര്‍ശിക്കുന്നുണ്ട്. അന്ന് പേര്‍ഷ്യക്കായിരുന്നു വിജയം. ഹിജ്റക്കുശേഷം നടന്ന റോമാ-പേര്‍ഷ്യന്‍ യുദ്ധത്തില്‍ ജയം റോമിനായിരുന്നു. അതിനിടയിലാണ് കിസ്റാ പുത്രിയുടെ കിരീടധാരണം. അതറിഞ്ഞ പ്രവാചകന്‍, ഇനിയിപ്പോള്‍ ഒരു പെണ്ണ് ഭരിച്ചതുകൊണ്ടൊന്നും ആ രാജ്യം ജയിക്കാന്‍ പോകുന്നില്ല എന്നു പറയുകയായിരുന്നു. പേര്‍ഷ്യ കിസ്റാമാരുടെ ആധിപത്യത്തില്‍നിന്ന് മുക്തമാവുകയും ആ ജനത മുസ്‌ലിംകളാവുകയും ചെയ്യുമെന്ന് ഹിജ്റക്കു മുമ്പു തന്നെ നബി(സ) പ്രവചിച്ചിട്ടുള്ളതാണ്. രണ്ടാം ഖലീഫ ഉമറിന്റെ(റ) കാലത്ത് ആ പ്രവചനം സഫലമാവുകയും ചെയ്തു. ആധുനിക ഇസ്‌ലാമിക പണ്ഡിതന്മാരില്‍ പ്രമുഖനായ മുഹമ്മദുല്‍ ഗസ്സാലിയെപ്പോലുള്ളവര്‍ ഈ വിധമാണ് ഈ ഹദീസിനെ വിശദീകരിച്ചിട്ടുള്ളത്. ■